പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 155 — 3. 10. 2011-ൽ മറുപടിയ്ക്ക്

## പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

(എ) പി.എസ്.സി. പരീക്ഷകളിൽ ആധുനിക സാങ്കേതികവിദ്യ ദുരുപയോഗം ചെയ്ത് ക്രമക്കേടുകൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത എത്ര കേസുകളാണ് നിലവിലുള്ളത്;

(എ)
(ബി) ഉണ്ട്. പോലീസ് വകുപ്പിൽ **SI (trainee) (GE) (12.10.10), LDC - Beverages Corporation (27.11.10), LGS - Beverages Corporation (30.10.10), LGS- Various (Pathanamthitta) (12.06.10) UPSA (22.05.10)** എന്നീ തസ്തികകളുടെ എഴുത്തു പരീക്ഷയിൽ മൊബൈൽ ഫോൺ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത കേസുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) **SI** തസ്തികയുടെ എഴുത്തു പരീക്ഷയ്ക്ക് മൊബൈൽ ഫോൺ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസർ നടത്തിവരുന്ന അന്വേഷണം തുടരുന്നു.

(ഡി) പി.എസ്.സി. പരീക്ഷകളിൽ ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. പരീക്ഷയിൽ ക്രമക്കേടുകൾ തടയാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
**(a)** പരീക്ഷാ ക്രമക്കേട് തടയാൻ 31.12.10 ന് ശേഷം ഫോട്ടോ അപ്ലോഡ് ചെയ്ത അപേക്ഷ **Online** ആയി സ്വീകരിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തി. പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന **ID** സർട്ടിഫിക്കറ്റിലെ

ഫോട്ടോ സംബന്ധിച്ച വ്യവസ്ഥകൾ പരിഷ്ക്കരിച്ചു.

**(b)** പരീക്ഷ കേന്ദ്രങ്ങളിൽ പി.എസ്.സി.യിലെ ഉദ്യോഗസ്ഥരെ അഡീഷണൽ ചീഫ് സൂപ്രണ്ടായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു.

**(c) Electronic gadgets** പരീക്ഷ നടക്കുന്ന **Campus** -ൽ കർശനമായി നിരോധിച്ചു.

**(d)** ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇൻറർവ്യൂ, പ്രായോഗിക പരീക്ഷ, കായിക ക്ഷമത പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

**(e)** 01.03.11 മുതൽ നിയമന ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ IC യുടെ സ്കാൻ ചെയ്ത കോപ്പിയായിരിക്കും നിയമനാധികാരിക്ക് നല്കുന്നത്.

**(f)** പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് **Service Regularisation** ന് മുമ്പ് പി.എസ്.സി യുടെ വെരിഫിക്കേഷൻ നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ഒറിജിനൽ IC നിയമനാധികാരിക്ക് നല്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ